# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2384 07.02.2019 -ൽ മറുപടിക്ക്

## പ്രളയം ചെറുകിട, മൈക്രോ വ്യവസായ മേഖലകളിൽ ഉണ്ടാക്കിയ നഷ്ടം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.സി.ജോസഫ് | ശ്രീ. ഇ.പി. ജയരാജൻ<br>(വ്യവസായവും സ്പോർട്സും<br>യുവജനകാര്യവും വകുപ്പ് മന്ത്രി ) |

| | | | |
|---|---|---|---|
| എ) | പ്രളയം ചെറുകിട, മൈക്രോ വ്യവസായ മേഖലകളിൽ ഉണ്ടാക്കിയ നഷ്ടം സംബന്ധിച്ച് എന്തെങ്കിലും കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | എ) | ഉണ്ട്. പ്രളയത്തിൽ ഉൾപ്പെട്ട ചെറുകിട ഇടത്തരം വാണിജ്യ വ്യവസായ സ്ഥാപനങ്ങൾ, കടകൾ എന്നിവയുടെ വിവരങ്ങൾ മൊബൈൽ ആപ്ലിക്കേഷൻ സർവ്വേ മുഖാന്തിരം വ്യവസായ വകുപ്പ് ശേഖരിച്ചിട്ടുണ്ട്. 31.12.2018 ലെ കണക്ക് പ്രകാരം 4992 എം.എസ്.എം.ഇ യൂണിറ്റുകൾക്ക് ഏകദേശം 1355.19 കോടി രൂപയുടെയും, 14271 ഷോപ്പുകൾക്ക് 489.54 കോടി രൂപയുടെയും നാശനഷ്ടം ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട്. |
| ബി) | പലവ്യഞ്ജന കടകൾ, ബാർബർ ഷോപ്പ്, കൈത്തറി, കയർ എന്നീ അടിസ്ഥാന വാണിജ്യ യൂണിറ്റുകളുടെ നഷ്ടം എപ്രകാരമാണ് കണക്കാക്കുന്നത്; വ്യക്തമാക്കുമോ; | ബി) & സി) | യൂണിറ്റ് ഉടമ നൽകുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ വ്യവസായ, കൈത്തറി, കയർ വകുപ്പുകളും, തൊഴിൽ ദിനങ്ങളുടെ നഷ്ടവും തന്മൂലമുള്ള വേതന നഷ്ടവും കണക്കിലെടുത്ത് തൊഴിൽ വകുപ്പും അടിസ്ഥാന വാണിജ്യ യൂണിറ്റുകളുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്.<br>(അനുബന്ധം കണ്ടാലും ) |
| സി) | ഈ കണക്കെടുപ്പിൽ തൊഴിൽദിനം സംബന്ധിച്ച നഷ്ടം കൂടി വിലയിരുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; അറിയിക്കാമോ; | | |
| ഡി) | ഇത്തരം സ്ഥാപനങ്ങളെ കരകയറ്റുന്നതിന് എന്തൊക്കെ സഹായമാണ് ഇതിനകം നൽകിയതെന്ന് വ്യക്തമാക്കാമോ; | ഡി) & ഇ) | 17.12.2018-ലെ സ.ഉ.(കൈ)നം.27/2018/ഡി.എം.ഡി ഉത്തരവ് പ്രകാരം 2018-ലെ പ്രളയത്തിൽ ഉൾപ്പെട്ടവർക്ക് ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി അവരുടെ ഉപജീവനമാർഗങ്ങൾ പുന:രാരംഭിക്കുന്നതിലേക്കായി സർക്കാർ "ഉജ്ജീവന സഹായ പദ്ധതി" പ്രഖ്യാപിച്ച് നടപ്പിലാക്കി വരികയാണ്. അതിൻപ്രകാരം ടേം ലോൺ വായ്പയുടെ 25% പരമാവധി 2 ലക്ഷം രൂപ, വർക്കിംഗ് ക്യാപിറ്റൽ ലോൺ വായ്പയുടെ 25% പരമാവധി 1 ലക്ഷം രൂപ മാർജിൻ മണി ആയി |
| ഇ) | ഇവർക്ക് വായ്പ പലിശയിളവ് അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ? | | |

| | | | |
|---|---|---|---|
| | | | സർക്കാർ ബാങ്കുകൾക്ക് അനുവദിക്കുന്നതാണ്. വർക്കിംഗ് ക്യാപിറ്റൽ ലോൺ ആയി മാത്രം എടുക്കുന്നവർക്ക് അവരുടെ താൽപ്പര്യം അനുസരിച്ച് വായ്പ തുകയിൽ 10 ലക്ഷം രൂപവരെ മാത്രം മാർജിൻ മണിക്ക് പകരം ഒരു വർഷത്തേയ്ക്ക് 9% നിരക്കിൽ താങ്ങ് പലിശ സർക്കാർ ബാങ്കുകൾക്ക് നൽകുന്നതാണ്. ഈ സർക്കാർ ഉത്തരവിന് മുൻപായി 2018-ലെ പ്രളയത്തിലെ നഷ്ടത്തിന് പുനരാരംഭ വായ്പ എടുത്തിട്ടുള്ള വ്യവസായ വകുപ്പിന്റെ മൊബൈൽ ആപ്ലിക്കേഷൻ സർവേയിൽ ഉൾപ്പെട്ടിട്ടുള്ളവർക്കും ഈ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കും. ഈ പദ്ധതി മുഖേനെയുള്ള ആനുകൂല്യങ്ങൾക്കായി അപേക്ഷകൾ ബാങ്കുകളിലാണ് സമർപ്പിക്കേണ്ടതും, ബാങ്കുകളാണ് തുക അനുവദിക്കുന്നതും. കൈത്തറി മേഖലയിലെ അറ്റകുറ്റപ്പണികൾ സി.എസ്.ആർ ഫണ്ട് ഉപയോഗിച്ച് വേഗത്തിൽ നടത്തുന്നതിനായി ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

# Details of Mandays Lost Due to Flood - 2018

| Sl.No | Sector | Total No. of Employees Employed in the State | No. of Flood Affected Employees | No. of Days | No. of Mandays Lost |
|---|---|---|---|---|---|
| 1 | Building Sector | 1693779 | 610486 | 16 | 9572916 |
| 2 | Tailoring Sector | 820606 | 154387 | 15 | 2337053 |
| 3 | Toddy Sector | 29908 | 2273 | 35 | 78371 |
| 4 | Shops &Commercial Sector(Tourism Houseboat & self employment) | 449907 | 45167 | 8 | 364016 |
| 5 | Agricultural Sector | 1616273 | 403682 | 33 | 13366368 |
| 6 | Handloom Sector | 6145 | 778 | 42 | 32676 |
| 7 | Abkari Sector | 3178 | 255 | 6 | 1500 |
| 8 | Jewellery Sector | 18611 | 760 | 13 | 9805 |
| 9 | Unorganised Sector | 417420 | 5522 | 15 | 76138 |
| 10 | Small Plantations Sector | 15091 | 7607 | 6 | 46208 |
| 11 | Etta Kattuvally Thazha Sector | 79442 | 27354 | 18 | 495038 |
| 12 | Motor Workers Sector | 869239 | 14903 | 12 | 182478 |
| 13 | Cashew Sector | 125274 | 531 | 19 | 17735 |
| 14 | Headload Sector | 69564 | 6711 | 54 | 328124 |
| 15 | Labour Welfare Fund Board | 487871 | 0 | 0 | 0 |
| 16 | Beedi & Cigar | 9000 | 0 | 0 | 0 |
| 17 | Plantation Sector (under plantation labour Act) | 50882 | 35107 | 7 | 233858 |
| 18 | Small Plantations Sector ( unregistered) | 226018 | 198938 | 7 | 1058287 |
| | Total | 6988208 | 1514461 | | 28200571 |

സെക്ഷൻ ഓഫീസർ

BR